പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2583** — **18.07.2011-ൽ മറുപടിക്ക്**

**കാഷ്വൽ തൊഴിലാളി നിയമനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി ഇൻസ്ട്രക്ഷണൽ ഫാമിലേക്ക് കാഷ്വൽ തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനായി നടത്തിയ ടെസ്റ്റിനും ഇന്റർവ്യൂവിനുംശേഷം ഉള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ഇല്ലെങ്കിൽ ആയത് എന്ന് പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | ബി) ഓടക്കാലിയിലുള്ള അരോമാറ്റിക് ആന്റ് മെഡിസിനൽ പ്ലാന്റ് റിസർച്ച് സ്റ്റേഷനിലെ കാഷ്വൽ തൊഴിലാളി നിയമനത്തിനായി 2001 ൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് ബഹു: കേരള ഹൈക്കോടതി WP(c)16914/2003 ൽ 01.12.2010 ന് പുറപ്പെടുവിച്ച വിധിയിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മുഴുവൻ നിയമനം നൽകിയ ശേഷമേ മറ്റു സ്റ്റേഷനുകളിലെ സ്ഥിരമോ താൽക്കാലികമോ ആയ നിയമനങ്ങൾ |

നടത്താവൂ എന്ന് പ്രസ്താവിച്ചിട്ടുണ്ട്. അതനുസരിച്ച് ഓടക്കാലി സ്റ്റേഷനിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും വിധി ഭേദഗതി ചെയ്തു കിട്ടുവാനായി ഹർജി ഫയൽ ചെയ്യുകയും ചെയ്തു. ടി ഹർജി ബഹു: ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ പ്രസ്തുത വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. 01.12.2010 ലെ വിധി പൂർണ്ണമായി നടപ്പാക്കിയില്ല എന്നു പറഞ്ഞു കൊണ്ട് സർവ്വകലാശാലാ രജിസ്ട്രാർക്കെതിരെ കോടതിയലക്ഷ്യ ഹർജി C.C.No.616/2011 ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യങ്ങൾ തീർപ്പാകുന്ന മുറക്ക്, മറ്റ് തടസ്സങ്ങളില്ലെങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഉടൻതന്നെ നിയമന നടപടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

സി) മറ്റ് തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ കാലവിളംബം കൂടാതെ നിയമനം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ